പുതിയ ജലവൈദ്യുത പദ്ധതികൾ

16 (*496) ശ്രീ. രാജു എബ്രഹാം :

ശ്രീ. കെ. സുരേഷ് കറുപ്പ് :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര മെഗാവാട്ടിന്റെ വൈദ്യുതി നിലയങ്ങൾ കമ്മീഷൻ ചെയ്തിട്ടുണ്ട് ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എത്ര പുതിയ ജലവൈദ്യുത പദ്ധതികളുടെ പണി തുടങ്ങിയിട്ടുണ്ട് ;

(സി) പുതിയ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ് ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) 34.41 മെഗാവാട്ടിന്റെ 10 ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ ശബരിഗിരി പദ്ധതിയിൽ കത്തിനശിച്ച യൂണിറ്റ് പുനരുദ്ധരിച്ചതുവഴി 5 മെഗാവാട്ടിന്റെ വർദ്ധനവും ഉണ്ടായിട്ടുണ്ട്. (ആകെ 39.41 മെഗാവാട്ട്).

ഇതുകൂടാതെ ഉപഭോക്താക്കൾ സ്ഥാപിച്ച വിതരണ പ്രസരണ ലൈനുകളുമായി കണക്ട് ചെയ്ത സോളാർ പ്ലാന്റുകൾ വഴി 1.304 MW കൂടി ചേർത്തിട്ടുണ്ട്.

(ബി) ചിമ്മിണി SHEP (2.5 MW), പെരുന്തേനരുവി SHEP (6 MW), വെള്ളത്തൂവൽ SHEP (3.6 MW), ആഢ്യൻപാറ SHEP (3.5 MW), ഉരുത്താൻകെട്ട് SHEP (24 MW), പൊരിങ്ങൽകുത്ത് SHEP (24 MW) എന്നീ 6 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പണി ആരംഭിച്ചിട്ടുണ്ട്. കൂടാതെ സ്വകാര്യ മേഖലയിൽ ആനക്കാംപോയിൽ, പാതാംകയം എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പണിയും ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി)

1.	ചിമ്മിണി SHEP	22-5-2015 -ൽ കമ്മീഷൻ ചെയ്തു.
2.	പെരുന്തേനരുവി SHEP	42.24 ശതമാനം പണികൾ പൂർത്തിയായി. ജൂൺ 2016-ൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു.
3.	വെള്ളത്തൂവൽ SHEP	60 ശതമാനം പണികൾ പൂർത്തിയായി. ഫെബ്രുവരി 2016-ൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു.
4.	ആഢ്യൻപാറ SHEP	95 ശതമാനം പണികൾ പൂർത്തിയായി. രണ്ട് യൂണിറ്റും 8-7-2015-ൽ ട്രയൽ റൺ വിജയകരമായി പൂർത്തിയാക്കി
5.	ഇരുത്താൻകെട്ട് SHEP	8 ശതമാനം പണികൾ പൂർത്തിയായി. ജൂൺ 2016-ൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു.
6.	പൊരിങ്ങൽകുത്ത് SHEP	15.4 ശതമാനം പണികൾ പൂർത്തിയായി. മാർച്ച് 2017-ൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു.

റിയാബിന്റെ പ്രവർത്തനം

17 (*497) ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിയാബിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ വിലയിരുത്തി പുരോഗതിയിലേക്ക് നയിക്കുന്നതിന് റിയാബിന്റെ പ്രവർത്തനം സഹായകമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിക്ക് സഹായകമായ പ്രവർത്തനം നടത്തുന്നതിന് രൂപീകൃതമായ സ്ഥാപനങ്ങൾ ആവശ്യമായ തരത്തിൽ പ്രവർത്തനക്ഷമമാകുന്നില്ലെങ്കിൽ അത്തരം സ്ഥാപനങ്ങളോടുള്ള നിലപാട് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly